(എ) വടക്കൻ കേരളത്തിൽ സാമൂഹ്യ മാറ്റത്തിന് നേതൃത്വം നൽകിയതിൽ പ്രധാനിയും മൂന്ന് നൂറ്റാണ്ടിനപ്പുറത്ത് ജീവിച്ചിരുന്നതുമായ കുർമ്മൽ എഴുത്തച്ഛന്റെ സാഹിത്യ സാംസ്കാരിക സംഭാവനകൾ ക്രോഡീകരിക്കുന്നതിനു എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) കുർമ്മൽ എഴുത്തച്ഛന്റെ പേരിൽ അജാനൂർ പടിഞ്ഞാറെക്കരയിൽ സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പരിഗണനയിലില്ല.

സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

67 (4102) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ എത്ര പേർക്ക് അംഗത്വമുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ ബോർഡിൽ നിന്നുള്ള പെൻഷൻ ഇനത്തിൽ എത്രപേർക്ക് എത്ര ഗഡുവീതം ആകെ എത്ര തുക കുടിശ്ശികയുണ്ടെന്ന് വിശദമാക്കാമോ ;

(സി) ഈ കാലയളവിൽ മരണാനന്തര സഹായം, പെൺമക്കളുടെ വിവാഹ സഹായം, പ്രസാവാനുകൂല്യം തുടങ്ങിയ ഇനത്തിൽ എത്ര അപേക്ഷകൾ ബോർഡിൽ ലഭ്യമായിട്ടുണ്ടെന്നും, ഇതിൽ എത്ര അപേക്ഷകളിൽ തുക വിതരണം ചെയ്തെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാനസാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ 6750 പേർക്ക് അംഗത്വമുണ്ട്.

(ബി) 1461 പേർക്ക് മൂന്നുമാസത്തെ കുടിശ്ശിക 3000 രൂപ വീതം മൊത്തം 43,83,000 രൂപ നൽകുവാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മരണാനന്തര സഹായം, പെൺമക്കളുടെ വിവാഹ സഹായം, പ്രസവാനുകൂല്യം എന്നിവയ്ക്കായി യഥാക്രമം 8,5,2 വീതം അപേക്ഷകൾ ലഭിച്ചിട്ടുള്ളതും ഇവയിൽ സഹായധനം വിതരണം ചെയ്തിട്ടുള്ളതുമാകുന്നു.

സി-ഡിറ്റിലെ ജീവനക്കാരുടെ സർവ്വീസ് പ്രശ്നങ്ങൾ

68 (4103) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റിലെ ജീവനക്കർക്ക് സർവ്വീസ് അപാകതകളും വിവേചനങ്ങളും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതു പരിഹരിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സി-ഡിറ്റ് ജീവനക്കാരിൽനിന്നും സർവ്വീസ് അപാകതകൾ സംബന്ധിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. അവ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സി-ഡിറ്റ് രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സി-ഡിറ്റിലെ കൊറിയർ ഇടപാട് അഴിമതി

69 (4104) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റിൽ കൊറിയർ ഇടപാടിൽ അഴിമതി നടന്നു എന്ന പരാതിയിന്മേൽ വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly